വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന ജില്ലാ സോണൽ മത്സരങ്ങളിലൂടെ തെരഞ്ഞെടുക്കുന്ന കായികരംഗത്തെ സമർത്ഥരായ 120 കുട്ടികൾക്ക് ജി. വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ സ്ഥാപനങ്ങളിൽ 8-ാം ക്ലാസ്സിൽ പ്രവേശനം നൽകുകയും 10-ാം ക്ലാസ്സു വരെയുള്ള പഠന ചെലവ് സർക്കാർ വഹിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന കുട്ടികൾക്ക് ഓരോ വർഷവും സമ്മർ കോച്ചിംഗ് ക്യാമ്പ് നടത്തുന്നു.

(ബി) ഉണ്ട്.

(സി) കുട്ടികൾക്ക് ചെറുപ്രായത്തിൽത്തന്നെ കായിക വിദ്യാഭ്യാസം നൽകേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് 129 സ്കൂളുകളിൽ 5-ാം ക്ലാസ്സ് മുതൽ പ്രത്യേക പരിശീലനം നൽകിവരുന്നുണ്ട്.

(ഡി) നിലവിലുള്ള മാനദണ്ഡം അനുസരിച്ച് 500-ൽ കുറയാത്ത വിദ്യാർത്ഥികളുള്ള എല്ലാ സ്കൂളുകളിലും കായികാദ്ധ്യാപക തസ്തിക അനുവദിക്കുന്നുണ്ട്.

(ഇ ആന്റ് എഫ്) സർക്കാരിന്റെ സാമ്പത്തിക പരാധീനത കാരണം തൽക്കാലം ഈ മാനദണ്ഡം പുനർ നിർണ്ണയം ചെയ്യുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

എസ്.എസ്.എ. പദ്ധതി

*23 [143] ശ്രീ. പി. ജയരാജൻ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എ. പദ്ധതി പ്രകാരം സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം എന്നു വ്യക്തമാക്കുമോ;

(ബി) എസ്. എസ്. എ. പദ്ധതി പ്രകാരമുള്ള ബി.ആർ.സി. ട്രെയിനർമാരെ നിയമിക്കുന്നതിനു എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) 2003-2004 അദ്ധ്യയന വർഷം എത്ര പേരെ ബി.ആർ.സി. ട്രെയിനർമാരായി നിയമിച്ചുവെന്നും ഇതിൽ മലപ്പുറം ജില്ലയിൽ ജോലി ചെയ്തിരുന്ന അദ്ധ്യാപകർ എത്ര എന്നും അറിയിക്കുമോ;

(ഡി) എസ്. എസ്. എ. പദ്ധതിയുടെ നടത്തിപ്പ് അവലോകനം ചെയ്യുന്നതിനായി സംസ്ഥാനതല കമ്മിറ്റി നിലവിലുണ്ടോയെന്നും എങ്കിൽ ഈ കമ്മിറ്റി എത്ര യോഗം ചേർന്നിട്ടുണ്ട് എന്നും പറയുമോ;

(ഇ) എസ്. എസ്. എ. പദ്ധതിക്കായി 2002-2003, 2003-2004 സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽനിന്ന് എന്തു തുക ചെലവായിയെന്നും വെളിപ്പെടുത്തുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എസ്. എസ്. എ. പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് വ്യാപക മായ ആക്ഷേപങ്ങൾ ഉയർന്നിട്ടുള്ള സാഹചര്യത്തിൽ സമഗ്രമായ ഒരു അന്വേഷണ ത്തിന് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) താഴെപ്പറയുന്ന ഫണ്ടുകളാണ് എസ്.എസ്.എ. പദ്ധതി പ്രകാരം സ്കൂളുകൾക്ക് അനുവദിക്കുന്നത്.

1. സ്കൂൾ ഗ്രാന്റ്: ഓരോ വർഷവും 2,000 രൂപ വീതം എല്ലാ സർക്കാർ, എയ്ഡഡ്, എൽ.പി., യു.പി. വിഭാഗം സ്കൂളുകൾക്ക് നൽകുന്നുണ്ട്. 2004-2005 മുതൽ ലോവർ പ്രൈമറി വിഭാഗമുള്ള അപ്പർ പ്രൈമറി/ഹൈസ്കൂളുകൾക്ക് 4,000 രൂപ സ്കൂൾ ഗ്രാന്റായി നൽകുന്നു.

2. ടീച്ചർ ഗ്രാന്റ്: എൽ.പി., യു.പി. വിഭാഗത്തിൽ ജോലി ചെയ്യുന്ന ഒരു അദ്ധ്യാപകന് 500 രൂപ എന്ന ക്രമത്തിൽ ഓരോ വർഷവും പഠനോപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടി നൽകുന്നതാണ് ഈ ഗ്രാന്റ്. ഇതിന് ഗവൺമെന്റ് സ്കൂളു കളിലേയും എയ്ഡഡ് സ്കൂളുകളിലേയും 8-ാംതരത്തിൽ പഠിപ്പിക്കുന്ന അദ്ധ്യാപ കർക്കും അർഹതയുണ്ട്. (8-ാം തരത്തിൽ അനുവദിച്ചിട്ടുള്ള തസ്തികയുടെ എണ്ണ ത്തിൽ കവിയരുത്).

3. മെയിന്റനൻസ് ആന്റ് റിപ്പയർ ഗ്രാന്റ്: എല്ലാ ഗവ. എൽ.പി., യു.പി. വിഭാഗം സ്കൂളുകൾക്കും വർഷംതോറും സ്കൂൾ കെട്ടിടത്തിന്റെ ചെറിയ അറ്റകു റ്റപ്പണികൾ നടത്തുന്നതിനുവേണ്ടി 5,000 രൂപ വീതം നൽകുന്നുണ്ട്. 2004-2005 മുതൽ ലോവർ പ്രൈമറി വിഭാഗമുള്ള അപ്പർ പ്രൈമറി ഹൈസ്കൂളുകൾക്ക് 10,000 രൂപ വീതം നൽകുന്നുണ്ട്.

4. ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് സ്കീമിൽ ആനുകൂല്യം കിട്ടാതിരുന്ന അപ്പർ പ്രൈമറി വിഭാഗമുള്ള ഹൈസ്കൂളുകൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്ന തിനായി 2004-2005-ൽ 50,000 രൂപ നൽകുന്നതാണ്.

5. ഗവൺമെന്റ് സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന തിനുവേണ്ടി ജില്ലാ മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം താഴെപ്പറയുന്ന നിരക്കിൽ അംഗീകൃത ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതിന് വിധേയമായി തുക അനുവദിക്കുന്നതാണ്.

പുതിയ കെട്ടിടം	..	3,50,000	രൂപ
അഡീഷണൽ ക്ലാസ് റൂം	..	1,50,000	,,
ചുറ്റുമതിൽ	..	40,000	,,
ഇടഭിത്തി	..	10,000	,,
കുടിവെള്ളം	..	20,000	,,
ടോയ്ലറ്റ്	..	15,000	,,
വൈദ്യുതീകരണം	..	10,000	,,

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

1. രണ്ട് വിഭാഗം അദ്ധ്യാപകരിൽ നിന്നാണ് ട്രെയിനർമാരെ തെരഞ്ഞെടുക്കുന്നത്. പ്രൈമറി തലത്തിൽ നിന്നും ഹൈസ്കൂൾ തലത്തിൽ നിന്നും 3:7 എന്ന അനുപാതത്തിലാണ് നിയമിക്കുന്നത്.

2. സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ നിയമനം വർക്കിംഗ് അറേഞ്ച്മെന്റ് രീതിയിലുമാണ് നടക്കുന്നത്.

3. സർക്കാർ സർവ്വീസിൽ കുറഞ്ഞത് അഞ്ച് വർഷത്തിൽ കുറയാത്ത അദ്ധ്യാപന പരിചയം നിർബന്ധമായും ഉണ്ടായിരിക്കണം.

4. ജില്ലാതലത്തിൽ ഡെപ്യൂട്ടി ഡയറക്ടർമാരുടെ നേതൃത്വത്തിൽ ഒരു റിക്രൂട്ട്മെന്റ് സമിതി വാക്-ഇൻ-ഇന്റർവ്യൂ പ്രകാരം യോഗ്യരായ അദ്ധ്യാപകരെ തെരഞ്ഞെടുത്തു ലിസ്റ്റ് നൽകുന്നു. ഒഴിവുകളുടെ അടിസ്ഥാനത്തിൽ ലിസ്റ്റിൽ നിന്നു ക്രമമനുസരിച്ച് നിയമിക്കുന്നു.

(സി) 2003-2004 വർഷത്തിൽ 1285 ബി.ആർ.സി. ട്രെയിനർമാരെ നിയമിച്ചിരുന്നു. ഇതിൽ 106 പേർ മലപ്പുറം ജില്ലയിൽ നിന്നുള്ളവരായിരുന്നു.

(ഡി) സംസ്ഥാനതല മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി 15-3-2004-ൽ യോഗം ചേർന്നിരുന്നു.

(ഇ) എസ്.എസ്.എ. പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ട്. അവയുടെ വിശദാംശം താഴെ ചേർക്കുന്നു:

	2002-2003		2003-2004
	(രൂപ ലക്ഷത്തിൽ)		
കേന്ദ്ര വിഹിതം	2,250.78	+	4,966.00
ആകെ	7,216.78		
സംസ്ഥാന വിഹതം	750	+	822
ആകെ	1,572		

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും കിട്ടിയത് (2003-2004)

	789.14
ആകെ	789.14
ആകെ കിട്ടിയ തുക	9,577.92
ആകെ -ചെലവായ തുക	9,439.92
ബാക്കി	138.00

(എഫ്) പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് വ്യക്തമായ പരാതികൾ ലഭിച്ചാൽ അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly